ദീപിക

21 December 2016



കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മരട് നഗരസഭയിലെ തണ്ടാശേരി കോളനിയിൽ നടത്തിയ കരിമീൻ കൂടുകൃഷി വിളവെടുപ്പ് നടത്തിയപ്പോൾ. നഗരസഭാ ചെയർപേഴ്സൺ ദിവ്യ അനിൽകുമാർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ സമീപം.

# ആദിവാസികൾക്കായുള്ള മത്സ്യക്കൂട് കൃഷി വിജയം

**കൊച്ചി:** ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനു വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ട്രൈബൽ സബ് പ്ലാൻ (ടിഎസ്പി) ഉപയോഗിച്ചു മരട് നഗരസഭയിലെ തണ്ടാശേരി കോളനിയിൽ ആരംഭിച്ച മത്സ്യക്കൂട് കൃഷി വിജയം. എട്ടു മാസം മുൻപ് 750 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു തുടങ്ങിയ കൃഷി വിളവെടുത്തപ്പോൾ 250 മുതൽ 300 ഗ്രാം വരെ തൂക്കം വരുന്ന കരിമീനുകൾ ലഭിച്ചു. കരിമീൻ കിലോഗ്രാമിന് 400 മുതൽ 500 രൂപ വരെ വിലയുണ്ട്.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിലാണു മത്സ്യക്കൂട് കൃഷി നടത്തിയത്. സിഎംഎഫ്ആർഐ തന്നെ വികസിപ്പിച്ചെടുത്ത പേൾസ്പ്ലസ് എന്ന തീറ്റയാണു മീനുകൾക്ക് നൽകിയത്. ജിഐ പൈപ്പുകളുപയോഗിച്ച് നാല് മീറ്റർ വീതം നീളവും വീതിയുമുള്ള രണ്ട് കൂടുകളാണ് കൃഷിക്ക് ഉപയോഗിച്ചത്. ഒരു ചതുരശ്ര മീറ്ററിൽ 20 മീൻ കുഞ്ഞുങ്ങൾ എന്ന തോതിലാണ് കൃഷി നടത്തിയത്.

ചെലവ് കുറഞ്ഞ രീതിയിൽ മികച്ച ലാഭം നേടാനാകുമെന്ന് തെളിയിക്കപ്പെട്ട കൂടുകൃഷിയുടെ രീതികൾ ആദിവാസി കുടുംബങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് പദ്ധതി സഹായകരമായി. കൃഷി ചെയ്യാനും സ്വയംസംരംഭകരാകാനും ആവശ്യമായ പരിശീലനം സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസിന്റെ നേതൃത്വത്തിലുള്ള സംഘം കോളനി നിവാസികൾക്ക് നൽകി. ക്രിസ്മസിന് മുന്നോടിയായി നടന്ന വിളവെടുപ്പ് മരട് നഗരസഭാ ചെയർപേഴ്സൺ ദിവ്യ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ആദിവാസി ഗോത്രവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായാണ് ട്രൈബൽ സബ് പ്ലാനിന് കീഴിൽ സിഎംഎഫ്ആർഐ മത്സ്യക്കൂടുകൃഷി നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയുടെ സേവനം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വലിയ മുതൽക്കൂട്ടായെന്ന് ആദിവാസി ഗോത്രവിഭാഗ ഊര് മൂപ്പൻ രാജേന്ദ്രൻ പറഞ്ഞു.

കൗൺസിലർ വിനു ജോസഫ്, മത്സ്യക്കൂടുകൃഷി സംഘത്തലവൻ പ്രകാശൻ എന്നിവരും വിളവെടുപ്പ് ചടങ്ങിൽ പങ്കാളികളായി.